**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1408** **04-07-2022 - ൽ മറുപടിയ്ക്ക്**

**പ്രൈമറി സ്കൂൾ ഹെഡ് മാസ്റ്റർമാരുടെ സ്ഥാനക്കയറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ പ്രൈമറി സ്കൂളുകളിൽ പ്രൊമോഷൻ ടെസ്റ്റ് വിജയിച്ചിട്ടില്ലാത്ത, 50 വയസ്സ് കഴിഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഹെഡ് മാസ്റ്റർ ആയി സ്ഥാനക്കയറ്റം ലഭിച്ചവർക്ക് ഹെഡ് മാസ്റ്റർമാരുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്ന വസ്തുത പരിശോധിക്കുമോ; എങ്കിൽ അപ്രകാരമുള്ളവർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) | പ്രൈമറി പ്രഥമാധ്യാപക തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട്, യോഗ്യതയുള്ളവരും ഇല്ലാത്തവരും തമ്മിലുള്ള തർക്കം ഉടലെടുക്കുകയും ടി വിഷയം ബഹു: കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരിഗണിക്കുകയും ഇത്തരത്തിലുള്ള നിരവധി കേസുകൾ ട്രിബ്യൂണലിന്റെ പരിഗണയിലായതിനാൽ പൊതു ഉത്തരവ് ഉണ്ടാകുന്നത് വരെ പ്രൊമോഷൻ നടത്തുന്നത് തടഞ്ഞിരുന്നു. എന്നാൽ സ്കൂൾ തുറക്കുമ്പോഴുണ്ടാകുന്ന പ്രധാനാധ്യാപകരുടെ ക്ഷാമം ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കുന്നതിനാൽ ട്രിബ്യൂണൽ ഉത്തരവ് സ്റ്റേ ചെയ്യുന്നതിന് സർക്കാർ ഹൈക്കോടതിയെ സമീപിക്കുകയും, ബഹു: ഹൈക്കോടതി സർക്കാർ നിർദ്ദേശം അംഗീകരിച്ച് ട്രിബ്യൂണൽ വിധി സ്റ്റേ ചെയ്യുകയുമുണ്ടായി. സമാനമായ മറ്റൊരു കേസ് ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലാണ്. നിലവിലുള്ള കേസുകളിൽ അന്തിമ വിധിയുണ്ടാകുന്നതുവരെ, ഈ വിഷയത്തിൽ നിലനിൽക്കുന്ന അടിയന്തര സാഹചര്യം മുൻനിർത്തി കെ.എസ് & എസ്.എസ്.ആർ. ലെ ചട്ടം 31(എ)(i) ൽ വിവക്ഷിക്കുന്ന വ്യവസ്ഥകൾ അടിസ്ഥാനമാക്കി യോഗ്യത പരിഗണിക്കാതെ അദ്ധ്യാപകരുടെ സീനിയോരിറ്റി മാത്രം പരിഗണിച്ച് തികച്ചും താൽക്കാലികമായാണ് പ്രധാന അധ്യാപക സ്ഥാനക്കയറ്റം 2021 നവംബർ 1 മുതൽ നൽകി വരുന്നത്. ഇത് സംബന്ധിച്ച ബഹുമാനപ്പെട്ട കോടതികളിൽ നിലനിൽക്കുന്ന കേസുകളുടെ അന്തിമ വിധിക്ക് വിധേയമായി മാത്രമേ സ്ഥാനക്കയറ്റം ലഭിക്കുന്നവർക്ക് ആനുകൂല്യങ്ങൾ അനുവദിക്കുവാൻ സാധിക്കുകയുള്ളൂ . |
| (ബി) | എയ്ഡഡ് സ്കൂളുകളിൽ ജോലി ചെയ്യുന്ന 50 വയസ്സ് കഴിഞ്ഞതും ടെസ്റ്റ് പാസ്സാകാത്തതുമായ | (ബി) | എയ്ഡഡ് സ്കൂളുകളിൽ ടെസ്റ്റ് യോഗ്യത നേടിയ അദ്ധ്യാപകരുടെ അഭാവത്തിൽ, 11/04/2022ലെ |

| | | | |
|---|---|---|---|
| | അദ്ധ്യാപകർക്ക്, അതേ സ്കൂളിലെ ടെസ്റ്റ് പാസ്സായിട്ടുള്ള അദ്ധ്യാപകർ സ്ഥാനക്കയറ്റം ഉപേക്ഷിക്കുന്ന സാഹചര്യത്തിൽ ഹെഡ് മാസ്റ്റർ ആയി സ്ഥാനക്കയറ്റം നൽകുന്നതിന് നിലവിൽ നിയമ തടസ്സം ഉണ്ടോ; വ്യക്തമാക്കാമോ; | | ജെ1/218/21പൊ.വി.വ സർക്കുലറിന്റെ ഖണ്ഡിക 3(b) യിലെ വ്യവസ്ഥകൾ പ്രകാരം, 50 വയസ്സ് കഴിഞ്ഞതും ടെസ്റ്റ് പാസ്സാകാത്തതുമായ അദ്ധ്യാപകർക്ക് സീനിയോറിട്ടി അടിസ്ഥാനമാക്കി, KER അദ്ധ്യായം XIV.A ചട്ടം 45(C) പ്രകാരം താൽകാലിക നിയമനം നൽകാവുന്നതാണ്. |
| (സി) | സ്ഥാനക്കയറ്റം ഉപേക്ഷിക്കുന്ന അദ്ധ്യാപകർ ഉള്ള എയ്ഡഡ് സ്കൂളുകളിൽ മറ്റുള്ളവർക്ക് നിയമനാംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | അതാത് ജില്ല/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് ഈ വിഷയത്തിൽ ഉചിതമായ നടപടി സ്വീകരിക്കാവുന്നതാണ്. |
| (ഡി) | സമാന സ്വഭാവമുള്ള എത്ര കേസുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിലവിലുണ്ടെന്ന് അറിയിക്കുമോ; ഈ വിഷയത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) | സമാന സ്വഭാവമുള്ള 55 കേസുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിലവിലുണ്ട്. ആയത് പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ